**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6534** **11-07-2024 - ൽ മറുപടിയ്ക്ക്**

**ജീവധാര ഹോസ്പിറ്റൽ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ ജീവധാര ഹോസ്പിറ്റൽ റോഡ് (ചെ.0/000 മുതൽ 2/000 വരെ) കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കി പ്രവൃത്തി റദ്ദ് ചെയ്യുന്നതിന് ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ; | (എ) | പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. കെ.കെ. ഷൈജുവിനെ 19.01.2024-ലെ ഉത്തരവ് പ്രകാരം നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ ചീഫ് എഞ്ചിനീയർ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | പ്രസ്തുത പ്രവൃത്തിയിൽ നിന്നും കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കി ടെർമിനേറ്റ് ചെയ്യുന്നതിനും, പ്രസ്തുത പ്രവൃത്തിയിൽ കരാർ ലംഘനം നടത്തിയിട്ടില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും കൂടാതെ ഇനങ്ങളിൽ ഡ്യൂപ്ലിക്കേഷൻ വരുത്താതെ balance Schedule തയ്യാറാക്കുന്നതിനുമായി എഗ്രിമെന്റ് അതോറിറ്റിയായ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക്നിർദ്ദേശം നൽകിയിട്ടുണ്ട് |
| (സി) | ചീഫ് എഞ്ചിനീയർ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് എന്തെങ്കിലും നിർദ്ദേശം നൽകിരുന്നോ; എങ്കിൽ എന്താണെന്നും ആയത് എന്നാണെന്നും അറിയിക്കുമോ; പകർപ്പ് ലഭ്യമാക്കുമോ; | (സി) | പ്രസ്തുത പ്രവൃത്തിയിൽ നിന്നും കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കി ടെർമിനേറ്റ് ചെയ്യുന്നതിനും, പ്രസ്തുത പ്രവൃത്തിയിൽ കരാർ ലംഘനം നടത്തിയിട്ടില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും കൂടാതെ ഇനങ്ങളിൽ ഡ്യൂപ്ലിക്കേഷൻ വരുത്താതെ balance Schedule തയ്യാറാക്കുന്നതിനുമായി എഗ്രിമെന്റ് അതോറിറ്റിയായ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക്നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ഡി) | ഇക്കാര്യത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (ഡി) | പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനെ 19.01.2024 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാന്റെ നഷ്ടോത്തരവാദിത്വത്തിലല്ലാതെ ഒഴിവാക്കി ഉത്തരവായിട്ടുള്ളതിനെ തുടർന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ SECCRD/24/2022-D5-PWD dated 06.07.2024 |

| | | | |
|---|---|---|---|
| | | | ഉത്തരവ് പ്രകാരം ടിയാനെ നഷ്ടോത്തരവാദിത്വത്തിലല്ലാതെ ഒഴിവാക്കിയിട്ടുണ്ട് |
| (ഇ) | കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കി പ്രസ്തുത പ്രവൃത്തി റദ്ദ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം വിശദമാക്കുമോ; | (ഇ) | പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനെ 19.01.2024 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാന്റെ നഷ്ടോത്തരവാദിത്വത്തിലല്ലാതെ ഒഴിവാക്കി ഉത്തരവായിട്ടുള്ളതിനെ തുടർന്ന് സൂപ്രണ്ടിംഗ് എഞ്ചനീയറുടെ കാര്യാലയത്തിലെ SECCRD/24/2022-D5-PWD dated 06.07.2024 ഉത്തരവ് പ്രകാരം ടിയാനെ നഷ്ടോത്തരവാദിത്വത്തിലല്ലാതെ ഒഴിവാക്കിയിട്ടുണ്ട് |
| (എഫ്) | എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് എന്നത്തേക്ക് പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എഫ്) | പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ മദ്ധ്യമേഖല, ആലുവ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 06.07.2024 ലെ SECCRD/2024/2022-D5-PWD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവശേഷിക്കുന്ന പ്രവൃത്തി റീകാസ്റ്റ് ചെയ്ത് PRICE ID 2051/2024 പ്രകാരം 09.07.2024 ൽ 27985000/- രൂപയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. കരാർ അവസാനിപ്പിച്ചതിൻ പ്രകാരം നടപ്പിലാക്കിയ പ്രവൃത്തിയുടെ തുകയും അവശേഷിക്കുന്ന പ്രവൃത്തിയുടെ നിലവിലുള്ള നിരക്ക് പ്രകാരമുള്ള തുകയും കണക്കാക്കുമ്പോൾ മൊത്തം എസ്റ്റിമേറ്റ് തുക ഭരണാനുമതി തുക അധികരിക്കുന്നതിനാൽ അവശേഷിക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് പുതുക്കിയ ഭരണാനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ